# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.734** | **03/12/2014-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

**ചോദ്യം**

ശ്രീ. എം. എ. വാഹിദ്
" ഹൈബി ഈഡൻ
" റ്റി. എൻ. പ്രതാപൻ
" വി. ഡി. സതീശൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | 2008-09 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന പാവപ്പെട്ട രോഗികൾക്ക് വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനേയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന് മുമ്പ് സെൻട്രൽ പർച്ചേസ് കമ്മിറ്റിയായിരുന്നു മരുന്നു വാങ്ങി നൽകിയിരുന്നത്. സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം പ്രമാണിച്ച് സർക്കാർ ആശുപത്രികളിലൂടെ എല്ലാജനറിക് മരുന്നുകളും വിതരണം നടത്തുന്ന പദ്ധതിയുടെ ഒന്നാംഘട്ടം 2012 നവംബർ ഒന്നിന് ആരംഭിക്കുകയും 2013 ഒക്ടോബർ 2 ന് ഇത് എല്ലാ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തു. നിലവിൽ 771 ഇനം ജനറിക് മരുന്നുകളാണ് കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ ഉള്ളത്. |
| (ബി) | ഈ പദ്ധതിക്കായി വർഷംതോറും എന്ത് തുക ചെലവാകും ; | (ബി) | സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം പ്രതിവർഷം 200 കോടിയിലധികം രൂപയ്ക്കുള്ള ജനറിക് മരുന്നുകളാണ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികൾ മുഖേന വിതരണം ചെയ്തു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാം ; | (സി) | ടെണ്ടറിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ, വിതരണത്തിൽ വീഴ്ച വരുത്തിയമരുന്നുകൾ എന്നിവയുടെ വിതരണത്തിൽ നേരിയ കാലതാമസം നേരിട്ടുണ്ട്. മറ്റു മരുന്നുകൾ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ യഥാസമയം തന്നെ വിതരണം നടത്തിയിട്ടുണ്ട്. വിതരണക്കാരെ ലഭിക്കാത്ത മരുന്നുകളും കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മറ്റ് അവശ്യമരുന്നുകളും ആശുപത്രി തലത്തിൽ തന്നെ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇൻഡന്റ് ക്വാറ്റി തീരുമാനിക്കുന്നതിലുാകുന്ന അപാകതകളും ചിലപ്പോൾ പരാതികൾ ഉാകാൻ കാരണമാകാറുണ്ട്. |
| (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു ? | (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കി തീർക്കുന്നതിനായി ഇ-ടെണ്ടർ സംവിധാനം ആരംഭിച്ചുകഴിഞ്ഞു.<br>അടുത്ത സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികൾ യഥാസമയം, കുറ്റമറ്റ നിലകളിൽ ചെയ്യുവാനായി മരുന്നു പട്ടിക പുനപരിശോധന ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ